മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

വയനാട് ജില്ല

എടവക ഗ്രാമ പഞ്ചായത്ത്

വാർഡ് - 6 പൈങ്ങാട്ടിരി

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

01/10/2018 - 31/03/2019

തയ്യാറാക്കിയത്

സോഷ്യൽ ഓഡിറ്റ് ടീം

മാനന്തവാടി ബ്ലോക്ക്

## ആമുഖം

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തില് ഉൾപ്പെട്ട എടവക ഗ്രാമപഞ്ചായത്തിലെ ആറാം വാർഡായ പൈങ്ങാട്ടിരി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയില് ഉൾപ്പെട്ടുത്തി നടപ്പിലാകിയ 16 പ്രവൃത്തികൾ ആണ് സോഷ്യല് ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്.

## പ്രവൃത്തികൾ

സോഷ്യൽ ഓഡിറ്റ് കാലയളവില് വാർഡ് 6, പൈങ്ങാട്ടിരിയിൽ നടന്ന പ്രവൃത്തികൾ

| നമ്പർ | വർക്ക് കോഡ് | പ്രവൃത്തിയുടെ പേരു | എസ്റ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|
| 1. | 1603002001/IF/359825 | ലൈഫ് ഭവന നിർമ്മാണം അനിത രവി | 24,890 | 22,764 |
| 2. | 1603002001/IF/359831 | ലൈഫ് ഭവന നിർമ്മാണം നൌഷിര് | 25,390 | 24,390 |
| 3. | 1603002001/IF/359834 | ലൈഫ് ഭവന നിർമ്മാണം കൃഷ്ണന് | 25, 390 | 14,092 |
| 4. | 1603002001/IF/376292 | ലൈഫ് ഭവന നിർമ്മാണം ഷാനി | 42,400 | 26,016 |
| 5. | 1603002001/IF/377917 | ലൈഫ് ഭവനം & കക്കൂസ് നിർമ്മാണം ലീല | 42,400 | 36,390 |
| 6. | 1603002001/IF/378551 | ലൈഫ് ഭവനം & കക്കൂസ് നിർമ്മാണം ചന്ദ്രന് | 42,400 | 24,390 |
| 7. | 1603002001/IF/367669 | ലൈഫ് ഭവനം നിർമ്മാണം നെഫീസ | 25,840 | 24,390 |
| 8. | 1603002001/IF/383669 | കിണർ നിർമാണം സെയിദ്ദ | 1,11,000 | 67,041 |
| 9. | 1603002001/IF/383661 | കിണർ നിർമാണം സുബൈദ | 1,12,000 | 73,975 |
| 10. | 1603002001/LD/314083 | ഫാം ബന്ഡിംഗ് പാലമുക്ക് പ്രദേശം (റീ. 1) | 3,85,085 | 2,93,405 |

| | | | | |
|---|---|---|---|---|
| 11. | 1603002001/LD/314087 | ഫാം ബന്ഡിംഗ് അമ്പലവയല് പ്രദേശം (റീ. 1) | 3,85,085 | 3,73,169 |
| 12. | 1603002001/LD/314093 | ഫാം ബന്ഡിംഗ് പന്നിച്ചാല് പ്രദേശം (റീ. 1) | 3,85,085 | 3,65,441 |
| 13. | 1603002001/LD/314095 | ഫാം ബന്ഡിംഗ് പുറക്കാടി പ്രദേശം (റീ. 1) | 3,85,085 | 3,75,084 |
| 14. | 1603002001/RC/272654 | കടന്നലാട്ട് കുന്ന് ഇബ്രാഹിം തെക്കേതില് ഭാഗം റോഡ് കോണ്ക്രീററ് | 3,41,000 | 3,30,561 |
| 15. | 1603002001/RC/273145 | പന്നിച്ചാല് കോപ്പുഴ അമ്പലവയല് റോഡ് കോണ്ക്രീറ്റ് | 3,40,895 | 2,91,627 |
| 16. | 1603002001/WC/315258 | കുളം നിര്മ്മാണം & കയര് ഭൂവസ്ത്രം റോസമ്മ പൂണോലി | 98,000 | 64,877 |
| | ആകെ | | 27,71,945 | 24,07,612 |

## തൊഴിലാളികൾക്കുള്ള അവകാശങ്ങളും കണ്ടെത്തലുകളും

- ➢ തൊഴിൽ കാർഡിന് അപേക്ഷിക്കുവാനും അപേക്ഷിച്ച് 14 ദിവസത്തിനുള്ളില് കാർഡ് ലഭിക്കുന്നതിനും ഉള്ള അവകാശം.
    - നിലവിൽ അപേക്ഷിച്ചവർക്കെല്ലാം തന്നെ സമയബന്ധിതമായി കാർഡ് ലഭിച്ചിട്ടുണ്ട്.
- ➢ തൊഴിലിന് അപേക്ഷിക്കുന്നതിനുള്ള അവകാശം
    - തൊഴിലാളിക്ക് തൊഴിൽ ആവശ്യമുള്ള സമയങ്ങളില് തൊഴിലാളികള് തൊഴിലിന് അപേക്ഷിച്ചിട്ടില്ല.
- ➢ തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളില് തൊഴില് ലഭിച്ചില്ല എങ്കില് തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം

- തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളില് തൊഴില് ലഭിച്ചതിനാല് തൊഴിലില്ലായ്മ വേതനം ലഭിച്ചിട്ടില്ല

➢ തൊഴിൽ ചെയ്തു 15 ദിവസത്തിനുള്ളില് വേതനം ലഭിച്ചില്ല എങ്കില് നഷ്ടപരിഹാരത്തിനുള്ള അവകാശം (ദിവസ വേതനത്തിൻറെ 0.05%)

  - വേതനം കൃത്യ സമയത്ത് ലഭിക്കുന്നില്ല എന്നത് രേഖാമൂലം പരതിയാക്കി മാറ്റതതിനാൽ നഷ്ടപരിഹാരത്തിനുള്ള അവകാശം ലഭിക്കുന്നില്ല.

➢ തൊഴിലിടങ്ങളിൽ കുടിവെള്ളം, തണൽ, വിശ്രമം, പ്രഥമ ചികിൽസ സൗകര്യം എന്നിവ ലഭിക്കാനുള്ള അവകാശം

- കുടിവെള്ളം മാത്രമാണ് എല്ലാ തോഴിളിടങ്ങളിലും ലഭ്യമായിട്ടുള്ളത്. തണൽ, വിശ്രമം , പ്രഥമ ചികിൽസ സൗകര്യം എന്നിവ എല്ലാ തോഴിളിടങ്ങളിലും ലഭിക്കുന്നില്ല.

➢ സർക്കാര് അനുവദിക്കുന്ന മിനിമം വേതനം ലഭിക്കുന്നതിനുള്ള അവകാശം

- സർക്കാര് അനുവദിച്ച വേതനം കൃത്യമായി ലഭിക്കുന്നുണ്ട്

➢ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ആസൂത്രണ പ്രക്രീയയില് ഇടപെടുന്നതിനുമുള്ള അവകാശം

- ഈ അവകാശം വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താന് തൊഴിലാളികൾക്ക് സാധിച്ചിട്ടില്ല.

➢ താമസസ്ഥലത്തിന് 5 കിലോമീറ്റര് ചുറ്റളവില് തൊഴില് ലഭിക്കുന്നതിനുള്ള അവകാശം

- നിലവിൽ 5 കിലോമീറ്റര് ദൂരത്തിനപ്പുറം ആരും തന്നെ പ്രവൃത്തി എടുക്കുന്നില്ല.

➢ 5 വയസ്സില് താഴെപ്രായമുള്ള 5 കുട്ടികളിൽകൂടുതല് തൊഴില് സ്ഥലത്തുണ്ടെങ്കില് ആയയുടെ സേവനം ലഭിക്കാനുള്ള അവകാശം

  - ഇതുവരെ അങ്ങിനെയുള്ള സാഹചര്യം ഇല്ലാത്തതിനാൽ ഈ അവകാശം ഉപയോഗപ്പെടുത്താൻ സാധിച്ചില്ല.

➢ സാമൂഹിക പരിശോധന നടത്തുന്നതിനും പരാതികള് സമയബന്ധിതമായി പരിഹരിക്കുന്നതിനുമുള്ള അവകാശം

- ഒരു പരാതിയും ഇതുവരെ നൽകിയിട്ടില്ല.

**തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കാവുന്ന പ്രവൃത്തികള്**

വിഭാഗം എ: പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ

1. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭ ജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ, മൺതടയണകള്, അണകൾ, ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും, ജലകൊയ്ത്തിനും സഹായകകരമായ നിർമിതികൾ.
2. ഓരോ നീർത്തടത്തിന്റെയുംസമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകൾ.
3. കൊണ്ടൂർ ട്രഞ്ചുകൾ, തട്ടുതിരിക്കൽ, കോണ്ടൂര് ബണ്ടുകള്, കല് തടയണകള്, ഗ്യാബിയോൺ നിർമിതികള്, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികള്,
4. സൂക്ഷ്മ –ചെറുകിട ജലസേചന പ്രവൃത്തികളും തൊടുകൾ/കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധരണം, മെയിന്റനൻസ് എന്നീ പ്രവൃത്തികളും.
5. ജല സേചന കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധരണവും.
6. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങള് അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും. ഇവയിൽനിന്നു ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ല് പരമർശിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്.
7. പൊതു ഭൂമിയിലെ വികസന പ്രവൃത്തികളും.

വിഭാഗം-ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ(ഖണ്ഡിക 5 ല് പരമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

1. ഖണ്ഡിക 5 ല് പരമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ, കുളങ്ങൾ, മറ്റ്ജല കൊയ്ത്ത് നിർമ്മിതികള് എന്നിവ ഉൾപ്പെടെയുള്ളജല സേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങള് ലഭ്യമാക്കല്

2. പഴകൃഷി, പട്ടുനൂൽകൃഷി, തോട്ട വിള കൃഷിഫാം, ഫോറേസ്റ്റി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ.
3. ഖണ്ഡിക 5 ല് സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/പാഴ്ഭൂമി വികസിപ്പിച്ച്കൃഷിക്ക് അനുയോജ്യമാക്കല്,
4. പ്രധാന മന്ത്രി ആവാസ് യോജന പ്രകാരമോ കേന്ദ്ര/സംസ്ഥാന സർക്കാരുകള് ആവിഷ്കരിക്കുന്ന മറ്റ് ഭാവന നിർമ്മാണ പദ്ധതികള് പ്രകാരമോ ഏറ്റെടുക്കുന്ന ഭാവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴില് ഘടകം,
5. മൃഗ പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങള് ആയ കോഴിക്കൂട്, ആട്ടിൻകൂട്, തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണവും
6. മത്സ്യ ബന്ധന പ്രവർത്തനങ്ങള് പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൌകര്യങ്ങൾ ആയ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങള്,മത്സ്യം സൂക്ഷിയ്ക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷക്കാലത്ത് മാത്രം വെള്ളം ലഭിക്കുന്ന പൊതു കുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൌകര്യം ഒരുക്കലും,

വിഭാഗം-സി : ദേശീയ ഗ്രാമീണഉപജീവന മിഷന്റെ നിബന്ധനകള് അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൌകര്യങ്ങള്

1. കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൌകര്യം ഉൾപ്പെടെ ഉള്ള വിടവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൌകര്യങ്ങൾ,ജൈവ വലം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൌകര്യങ്ങൾ സൃഷ്ടിക്കുക വഴി കർഷികോത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും,
2. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്ഡുകളുടെ നിർമ്മാണവും.

വിഭാഗം-ഡി : ഗ്രാമീണ അടിസ്ഥാന സൌകര്യങ്ങൾ

1. നിർദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ്യ മാലിന്യ സംസ്കരണത്തിനും,തുറസ്സായ സ്ഥലങ്ങളിൽ മല മൂത്ര വിസ്സർജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര

പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടോ വ്യക്തിഗത കക്കൂസുകള്, സ്കൂൾ ടോയിലെറ്റുകൾ, അങ്കണവാടി ടോയിലെറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ.

2. ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമങ്ങളെയും നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, എല്ലാ കലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും,ഓടകൾ കലുങ്കുകള് എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും നിർമ്മാണവും,
3. കളി സ്ഥലങ്ങളുടെ നിർമ്മാണവും,
4. വെള്ള പ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ള ക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജല നിർഗമന പ്രവൃത്തികള്, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതു സ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ, തീര പ്രദേശത്തെ സംരക്ഷണത്തിന്നായുള്ള സ്റ്റോം വാട്ടർ ഡ്രയിനുകള് എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങള്, റോഡുകളുടെ പുനരുദ്ധരണം, ദുരന്ത പ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും,
5. ഗ്രാമ പഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയ കേന്ദ്രങ്ങള്, അങ്കണ വാടി കേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്ക് ആവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ /ബ്ളോക്ക് തല ശ്മശാനങ്ങളുടെ നിർമ്മാണവും,
6. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം 2013 (20/2013) ലെ വ്യവസ്ഥകള് നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യ ധാന്യ ശംബരണികളുടെ നിർമ്മാണവും,
7. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉൽപാദനവും.
8. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്ക പെട്ട പൊതു ആസ്തികളുടെ അറ്റകുറ്റപണികളും,

9. ഇത് സംബന്ധിച്ച സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്ര സർക്കര് വിജ്ഞപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

## ഫയൽ പരിശോധനയും കണ്ടെത്തലുകളും

### കവർ പേജ്

- ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ച ഓരോ ഫയലിലും കവർപേജ് ഉണ്ടായിരിക്കേണ്ടതാണ്.
  - ❖ ആറാം വാർഡില് സോഷ്യൽഓഡിറ്റിന് വിധേയമാകിയ 16 ഫയലുകളിലും കവർ പേജുകള് ഉണ്ടായിരുന്നു. എന്നാൽ ഒന്നില് പോലും വാർഷിക മാസ്റ്റര് സർക്കുലര് പ്രകാരമുള്ള കവർ പേജ് ഇല്ല. പ്രവൃത്തിയുടെ പ്രാഥമിക വിവരങ്ങൾ പോലും കവർ പേജില് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

### ചെക്ക് ലിസ്റ്റ്

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച ഓരോ ഫയലിലും രേഖകളുടെ ചെക്ക് ലിസ്റ്റ് ഉണ്ടായിരിക്കേണ്ടതാണ്.
  - ❖ ആറാം വാർഡില് സോഷ്യൽഓഡിറ്റിന് വിധേയമാകിയ ഫയലുകളില് ഒരെണ്ണത്തിൽ പോലും ചെക്ക് ലിസ്റ്റ് ഇല്ല.

### ആക്ഷൻ പ്ലാന് കോപ്പി

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച ഓരോ ഫയലിലും അതാത് പ്രവൃത്തികള് ഉൾപ്പെട്ട ആക്ഷന് പ്ലാന് പേജിന്റെ കോപ്പി ഉണ്ടായിരിക്കേണ്ടതാണ്
  - ❖ ആറാം വാർഡില് സോഷ്യൽഓഡിറ്റിന് വിധേയമാകിയ 16 ഫയലുകളിലും ആക്ഷൻപ്ലാന് പേജിന്റെ കോപ്പി ഉണ്ടായിരുന്നില്ല.

**എസ്റ്റിമേറ്റ് കോപ്പി**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച് ഓരോ ഫയലിലും വിശദമായ എസ്റ്റിമേറ്റ്, ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, സർവേ ഡാറ്റാ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.
    - ആറാം വാർഡില് സോഷ്യല് ഓഡിറ്റിന് വിധേയമാക്കിയ 16 ഫയലുകളിൽ 15 ഫയലുകളിലും വിശദമായ എസ്റ്റിമേറ്റ്,അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് ഉണ്ട് എന്നാൽ ഡ്രോയിങ് & ഡിസൈന് എന്നിവ ഉണ്ടായിരുന്നില്ല. സെക്വരിൽ നിന്ന് ലഭിച്ച കോപ്പി മാത്രമാണുള്ളത്.
    - വർക്ക് കോഡ് LD/314087 ഫാം ബന്ഡിംഗ് അമ്പലവയല് പ്രദേശം (റീ. 1) എന്ന ഫയലിൽ എസ്റ്റിമേറ്റ് കോപ്പി ഇല്ല.
    - തൊഴിലുറപ്പ് പദ്ധതി എൻജിനിയര് വിശദമായ എസിമേറ്റ് കോപ്പിയിടൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
    - സർവേഡാറ്റാ, എസ്സ്ടിമേറ്റ് കവർപേജ്, ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട് എന്നിവ ഉണ്ടായിരുന്നില്ല.

**ഭരണനുമതി**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച് ഓരോ ഫയലിലും ഭരണാനുമതിയുടെ കോപ്പി ഉണ്ടായിരിക്കണം
    - ആറാം വാർഡില് സോഷ്യല് ഓഡിറ്റ് നടത്തിയ 16 ഫയലുകളിൽ 14 ഫയലുകളിലും ഭരണാനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല സെക്യൂർ കോപ്പി ആണ് ഫയലില് സൂക്ഷിച്ചിട്ടുള്ളത്.
    - വർക്ക് കോഡ് LD/314087 ഫാം ബന്ഡിംഗ് അമ്പലവയല് പ്രദേശം (റീ.1) , LD/314095 ഫാം ബന്ഡിംഗ് പുറക്കാടി പ്രദേശം (റീ. 1) എന്ന ഫയലിൽ ഭരണനുമതി ഇല്ല.

**സാങ്കേതികാനുമതി**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച ഓരോ ഫയലിലും സാങ്കേതികാനുമതിയുടെ കോപ്പി ഉണ്ടായിരിക്കണം
  - ❖ സാങ്കേതികനുമതിയുടെ കോപ്പി സോഷ്യൽ ഓഡിറ്റിന് വിധേയമാകിയ 16 ഫയലുകളിൽ 14 ഫയലുകളിലും സൂക്ഷിച്ചിട്ടിട്ടുണ്ട്.
  - ❖ ചെയർമാന്,കൺവീനര്,കമ്മറ്റി അംഗങ്ങൾ എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല
  - ❖ വർക്ക് കോഡ് LD/314087 ഫാം ബന്ഡിംഗ് അമ്പലവയല് പ്രദേശം (റീ.1) , IF/378551 ലൈഫ് ഭവനം & കക്കൂസ് നിർമ്മാണം ചന്ദ്രന് എന്ന ഫയലിൽ സാങ്കേതികാനുമതി ഇല്ല.

**ഡിമാൻഡ് ഫോറം**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച ഓരോ ഫയലിലും പ്രവൃത്തി ലഭിക്കുന്നതിനായി തൊഴിലാളികൾ തൊഴിൽആവശ്യപ്പെടുന്ന ഒരു ഫോറം ഉണ്ടായിരിക്കണം

❖ 16 ഫയലുകളിലും തൊഴിലാളികൾ തൊഴിൽആവശ്യപ്പെടുന്ന ഫോറം ഉണ്ടായിരുന്നില്ല.

**വർക്ക് അലോക്കേഷന് ഫോറം**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച ഓരോ ഫയലിലും തൊഴില് അനുവദിച്ചത് സംബന്ധിച്ച വർക്ക് ആലോക്കഷന് ഫോറം ഉണ്ടായിരിക്കണം
  - ❖ ഓഡിറ്റിന് വിധേയമാകിയ 16 പ്രവൃത്തികളുടെ ഫയലുകളില് വർക്ക് അലോക്കേഷൻ ഫോറം താഴെ പറയുന്ന ഫയലുകലില് മാത്രമാണ് ഉണ്ടായിരുന്നത്.
  - ❖ RC/272654 കടന്നലാട്ട് കുന്ന് ഇബ്രാഹിം തെക്കേതില് ഭാഗം റോഡ് കോങ്കീററ് , LD/314093 ഫാം ബന്ഡിംഗ് പന്നിച്ചാല് പ്രദേശം (റീ. 1), LD/314087 ഫാം ബന്ഡിംഗ് അമ്പലവയല് പ്രദേശം (റീ. 1)

**ഇ-മസ്റ്റർറോള്**

- ആന്തവൽ മാസ്റ്റര് സർക്കലര് അനുസരിച്ച ഓരോ പ്രവൃത്തിക്കുംഇ-മസ്റ്റർ റോള് ഉണ്ടായിരിക്കണം

- ❖ ഓഡിറ്റിന് വിധേയമാക്കിയ 16 പ്രവൃത്തി ഫയലുകളിലും ഇ-മസ്റ്റർ റോളുകള് സൂക്ഷിച്ചിരുന്നു.
- ❖ മസ്റ്റർ റോളുകളില് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി,ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പ് സീല് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒപ്പ് രേഖപ്പെടുത്തിയ തിയ്യതി ഇല്ല.

- ❖ പ്രവൃത്തി കോഡ് - 1603002001/IF/367669 ലൈഫ് ഭവനം നിർമ്മാണം നെഫീസ

  മസ്റ്റർ റോള് നമ്പര് 918 നമ്പര് മസ്റ്റര് റോളില് ടോട്ടൽ അട്ടെന്ഡെൻസില് തിരുത്തലുകൾ വന്നിട്ടുണ്ട്.
- ❖ പ്രവൃത്തി കോഡ്. 1603002001/IF/377917 ലൈഫ് ഭവനം & കക്കൂസ് നിർമ്മാണം ലീല

  മസ്റ്റർ റോള് നമ്പര് 690 നമ്പർ മസ്റ്റര് റോളില് ടോട്ടൽ അട്ടെന്ഡെൻസില്, ഡെയിലി അട്ടെന്ഡെൻസില് തിരുത്തലുകൾ വന്നിട്ടുണ്ട്.
- ❖ പ്രവൃത്തി കോഡ്. 1603002001/LD/314093 ഫാം ബന്ഡിംഗ് പന്നിച്ചാല് പ്രദേശം (റീ. 1)

13874 നമ്പർ മസ്റ്റർ റോളിൽ കാർഡ് ഉടമയുടെ ഒപ്പ് എന്ന കോളത്തിൽ നൗഷാദ്, മറിയം, ആസ്യ, മാമി, ആയിഷ, ഫിലോമിന, നാസർ, അന്നമ്മ തുടങ്ങിയവർ കാർഡുടമയുടെ ഒപ്പ് രേഖപ്പെടുത്തേണ്ട കോളത്തിൽ ഒപ്പുവെച്ചിട്ടില്ല.

12130 നമ്പർ മസ്റ്റർ റോളിൽ കാർഡുടമയുടെ ഒപ്പ് രേഖപ്പെടുത്തേണ്ട കോളത്തിൽ മറിയം ഒപ്പിട്ടിട്ടില്ല.

12128, 8392, 7080 നമ്പർ മസ്റ്റർ റോളിൽ റംല കാർഡ് ഉടമയുടെ ഒപ്പ് രേഖപ്പെടുത്തേണ്ട കോളത്തിൽ ഒപ്പിട്ടിട്ടില്ല.

8392 നമ്പർ മസ്റ്റർ റോളിൽ അന്നമ്മയുടെ ടോട്ടൽ അറ്റൻഡൻസ് കോളത്തിലും ടോട്ടൽ ക്യാഷ് പെയ്മെന്റ് കോളത്തിലും വെട്ടിതിരുത്തലുകൾ ഉണ്ട്.

7079 നമ്പർ മാസ്റ്റർ റോഡിൽ ആയിഷ അന്നക്കുട്ടി നാസ ജ്യോതിലക്ഷ്മി തുടങ്ങിയവരുടെ ടോട്ടൽ ക്യാഷ് പെയ്മെന്റ് കോളത്തിൽ വെട്ടിതിരുത്തലുകൾ ഉണ്ട്.

❖ പ്രവൃത്തി കോഡ്. 1603002001/LD/314095 ഫാം ബന്ഡിംഗ് പുറക്കാടി പ്രദേശം (റീ. 1)

15035 നമ്പർ മസ്റ്റ് റോളിൽ കാർഡ് ഉടമയുടെ ഒപ്പ് എന്ന കോളത്തിൽ ലീല( തൊഴിൽ കാർഡ് നമ്പർ:KL-03-022-001-006/62 ), ശ്യാമള, ലീല ( തൊഴിൽ കാർഡ് നമ്പർ:KL-03-022-001-006/90) എന്നീ തൊഴിലാളികളും മേറ്റും ഒപ്പുവെച്ചിട്ടില്ല

13370 നമ്പർ മസ്റ്റ് റോളിൽ സ്വപ്ന എന്ന തൊഴിലാളിയുടെ ടോട്ടൽ ക്യാഷ് പെയ്മെൻറ് വെട്ടി തിരുത്തിയിട്ടുണ്ട്.

13369 നമ്പർ മസ്റ്റ് റോളിൽ മറിയക്കുട്ടി ,സാലി , ഷാഹിദ, ആമിന, സുമതി, സുമയ്യ ,അലീമ തുടങ്ങിയവരുടെ വേജ് പെർ ഡേ വെട്ടി തിരുത്തിയതായി കാണുന്നു . സാലി, കദീജ , സ്വപ്ന എന്നീ തൊഴിലാളികൾ കാർഡുടമയുടെ ഒപ്പ് കോളത്തിൽ ഒപ്പ് ഇട്ടിട്ടില്ല. കൂടാതെ മേറ്റും മസ്റ്റർ റോളിൽ ഒപ്പ് വെച്ചതായി കാണുന്നില്ല .

12257 നമ്പർ മസ്റ്ററോളിൽ മേറ്റും കാർഡുടമയുടെ ഒപ്പ് എന്ന കോളത്തിൽ സാലി, കമല എന്നീ തൊഴിലാളികളും ഒപ്പുവെച്ചിട്ടില്ല.

12256 നമ്പർ മസ്റ്റർ റോളിൽ മറിയക്കുട്ടി, അലീമ എന്നീ തൊഴിലാളികള് ഒപ്പിട്ടിട്ടില്ല.

10701 നമ്പർ മസ്റ്റർ റോളിൽ അന്നക്കുട്ടി എന്ന തൊഴിലാളികള് ഒപ്പിട്ടിട്ടില്ല.

9444 നമ്പർ മാസ്റ്റർ റോളിൽ മറിയക്കുട്ടി ,സാലി , അന്നക്കുട്ടി, ആമിന, കമല,അലീമ ,ലീല(തൊഴിൽ കാർഡ് നമ്പർ:KL-03-022-001-006/90 ),(പവിത എന്നി തൊഴിലാളികള് ഒപ്പിട്ടിട്ടില്ല.

9442 നമ്പർ മസ്റ്റ റോളിൽ ഷാഹിദ, പ്രവിത ,കദീജ എന്നീ തൊഴിലാളികളും 8976 നമ്പർ മസ്റ്ററോളിൽ അന്നക്കുട്ടി ,പാത്തുട്ടി, റൈഹിയാനത്ത് ,സരിത, ശ്യാമള എന്നീ തൊഴിലാളികള് ഒപ്പിട്ടിട്ടില്ല.

8941 നമ്പർ മസ്റ്റർ റോളിൽ മറിയക്കുട്ടി, ഷാഹിദ, പാത്തുട്ടി , റൈഹിയാനത്ത്, ദേവി ,ബിന്ദു എന്നീ തൊഴിലാളികള് ഒപ്പിട്ടിട്ടില്ല.

8389 നമ്പർ മസ്റ്റ് റോളിൽ ലീല (തൊഴിൽ കാർഡ് നമ്പർ:KL-03-022-001-006/62), അലീമ, പ്രവിത, ലീല (തൊഴിൽ കാർഡ് നമ്പർ:KL-03-022-001-006/90), ലീല( തൊഴിൽ കാർഡ് നമ്പർ:KL-03-022-001-006/94)എന്നീ തൊഴിലാളികളും 7597 നമ്പർ മസ്റ്റ് റോളിൽ ഖദീജ, അലീമ എന്നീ തൊഴിലാളികള് ഒപ്പിട്ടിട്ടില്ല.

7596 നമ്പർ മസ്റ്ററോളിൽ പാത്തു കുട്ടി, അലീമ, സൈനബ എന്നീ തൊഴിലാളികള് ഒപ്പിട്ടിട്ടില്ല.

7015 നമ്പർ മസ്റ്ററോളിൽ ജൂലി, ഷരീഫ, പ്രവിത, ശ്യാമള എന്നീ തൊഴിലാളികള് ഒപ്പിട്ടിട്ടില്ല.

7014 നമ്പർ മസ്റ്റ റോളിൽ സാലി ,അന്നകുട്ടി, കമല ,അലീമ ,സൈനബ, ലീല (തൊഴിൽ കാർഡ് നമ്പർ:KL-03-022-001-006/90 ),കേശവൻ ,ലീല( തൊഴിൽ കാർഡ് നമ്പർ:KL-03-022-001-006/94) എന്നീ തൊഴിലാളികള് ഒപ്പിട്ടിട്ടില്ല.

**മെഷർമെന്റ് ബുക്ക് (അളവ് പുസ്തകം)**

- ആനുവൽ മാസ്റ്റർ സർക്കുലര് അനുസരിച്ച് ഓരോ പ്രവൃത്തിക്കും അളവ് രേഖപ്പെടുത്തുന്ന പുസ്തകം ഉണ്ടായിരിക്കണം
- പരിശോധനക്ക് വിധേയമാക്കിയ 16 പ്രവൃത്തികളുടെയും ഫയലില് എം.ബുക്ക് സൂക്ഷിച്ചിട്ടുണ്ട്
- എന്നാൽ വ്യക്തിഗത ഉപഭോക്താക്കളുള്ള തരം പ്രവൃത്തികളില് ഓരോ വ്യക്തിയുടെ പറമ്പിലും എത്ര അളവിലാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമല്ല.

**വേജ് ലിസ്റ്റ്**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച് ഓരോ മസ്റ്റര് റോളുകൾക്കും വേജ് ലിസ്റ്റ് ഉണ്ടായിരിക്കണം.
    - സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ 16 ഫയലുകളില് വേജ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലത്താ ഫയലുകള്:
    - LD/314093 ഫാം ബന്ഡിംഗ് പന്നിച്ചാല് പ്രദേശം (റീ.1) , LD/314087 ഫാം ബന്ഡിംഗ് അമ്പലവയല് പ്രദേശം (റീ.1), LD/314095 ഫാം ബന്ഡിംഗ് പുറക്കാടി പ്രദേശം (റീ.1), LD/314083 ഫാം ബന്ഡിംഗ് പാലമുക്ക് പ്രദേശം (റീ1)

    - IF/378551 ലൈഫ് ഭവനം & കക്കൂസ് നിര്മ്മാണം ചന്ദ്രന് , IF/367669 കിണർ നിർമാണം സെയിദു, IF359834 ലൈഫ് ഭവന നിര്മ്മാണം കൃഷ്ണന്, IF/376292 ലൈഫ് ഭവന നിര്മ്മാണം ഷാനി, IF/359825 ലൈഫ് ഭവന നിര്മ്മാണം അനിത രവി, IF/359831 ലൈഫ് ഭവന നിര്മ്മാണം നൌഷിര്, IF/377917 ലൈഫ് ഭവനം & കക്കൂസ് നിര്മ്മാണം ലീല, WC/315258 കുളം നിര്മ്മാണം & കയര് ഭൂവസ്ത്രം റോസമ്മ പൂണോലി എന്നിവ മാത്രമാണ്.

**ഫണ്ട് ട്രാൻസ്ഫര് ഓർഡര് (എഫ്.ടി.ഒ)**

- ഓഡിറ്റിന് വിധേയമാകിയ 16 പ്രവൃത്തി ഫയലുകളില് എഫ്.ടി.ഒ ഉണ്ടായിരുന്നത് IF/377917 ലൈഫ് ഭവനം & കക്കൂസ് നിര്മ്മാണം ലീല, RC/273145, IF/383661 കിണര് നിർമാണം സുബൈദ, IF/383669 കിണർ നിർമാണം സെയിദു എന്ന ഫയലിൽ മാത്രമാണ്.

**ഫോട്ടോ ഗ്രാഫുകൾ**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച് ഓരോ പ്രവൃത്തിയുടെയും മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ ഗ്രാഫുകൾ ഫയലില് ഉണ്ടായിരിക്കണം.
    - പ്രവൃത്തി ഫയലുകളിൽ ഫോടോ ഗ്രാഫ് സൂക്ഷിച്ചിട്ടിലാത്ത ഫയലുകളാണ്

      LD/314093 ഫാം ബന്ഡിംഗ് പന്നിച്ചാല് പ്രദേശം (റീ.1), LD/314087 ഫാം ബന്ഡിംഗ് അമ്പലവയല് പ്രദേശം (റീ.1), LD/314095 ഫാം ബന്ഡിംഗ് പുറക്കാടി പ്രദേശം (റീ.1), LD/314083 ഫാം ബന്ഡിംഗ് പാലമുക്ക്

പ്രദേശം (റീ1), WC/315258 കുളം നിർമ്മാണം & കയര് ഭൂവസ്ത്രം റോസമ്മ പൂണോലി.

ഈ ഫയലുകളിൽ അളവ് പുസ്തകത്തില് ഫോട്ടോ ചാർജ് ആയി 225 ചിലവായതായി കാണിക്കുകയും ഫയലിൽ ഫോട്ടോ സൂക്ഷിക്കതിരിക്കുകയും ചെയ്തിരിക്കുന്നു.

**ജിയോ ടാഗ്ഗ് ചെയ്ത ഫോട്ടോ**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ചു ഓരോ പ്രവൃത്തിയുടെയും ജിയോ ടാഗ്ഗ് ചെയ്ത ഒരു ഫോട്ടോ ഗ്രാഫ് എങ്കിലും ഫയലിൽ ഉണ്ടായിരിക്കണം.
  - ഓഡിറ്റിന് വിധേയമാക്കിയ 16 പ്രവൃത്തി ഫയലുകളിലും ജിയോ ടാഗ്ഗ് ചെയ്ത ഫോട്ടോ ഗ്രാഫുകൾ ഉണ്ടായിരുന്നില്ല.

**പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ചു ഓരോ പ്രവൃത്തിയുടെയും പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞാല് ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദ്ധന്റെ ഒപ്പോട് കൂടിയ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഫയലില് ഉണ്ടായിരിക്കണം.

  പ്രവൃത്തി പൂർത്തിയായ ഫയലുകളില് പ്രവൃത്തി പൂർത്തീകരണ സാക്ഷ്യ പത്രംസൂക്ഷിച്ചിട്ടില്ല.

**ഫയൽ ട്രാക്കിങ് ഫോറം**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ചു ഓരോ മസ്റ്റര് റോളുകൾക്കും ഫയല് ട്രാക്കിങ് ഫോറംഉണ്ടായിരിക്കണം
  - ഓഡിറ്റിന് വിധേയമാക്കിയ 16 ഫയലുകളിലും ഫയൽട്രാക്കിങ് ഫോറം ഇല്ലായിരുന്നു.

**സൈറ്റ് ഡയറി**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ചു ഓരോ പ്രവൃത്തികൾക്കും സൈറ്റ് ഡയറി ഉണ്ടായിരിക്കണം

- ❖ വർക്ക് കോഡ് LD/314093 ഫാം ബന്ഡിംഗ് പന്നിച്ചാല് പ്രദേശം (റീ.1), LD/314087 ഫാം ബന്ഡിംഗ് അമ്പലവയല് പ്രദേശം (റീ.1), LD/314095 ഫാം ബന്ഡിംഗ് പുറക്കാടി പ്രദേശം (റീ.1), LD/314083 ഫാം ബന്ഡിംഗ് പാലമുക്ക് പ്രദേശം (റീ1), WC/315258 കുളം നിര്മ്മാണം & കയര് ഭൂവസ്ത്രം റോസമ്മ പൂണോലി.
- ❖ RC/273145 പന്നിച്ചാല് കോപ്പുഴ അമ്പലവയല് റോഡ് കോൺക്രീറ്റ്, RC/272654 കടന്നലാട്ട് കുന്ന് ഇബ്രാഹിം തെക്കേതില് ഭാഗം റോഡ് കോൺക്രീററ് പരിശോധന നടത്തിയ ഫയലുകളില് സൈറ്റ് ഡയറി ഉണ്ടായിരുന്നു.

- ➢ എന്നാൽ ,മറ്റുള്ള ഫയലുകളിൽ സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല.

## നിർദേശങ്ങള്

- ➢ എല്ലാ പ്രവൃത്തി ഫയലുകളിലും കവർപേജുകള് ഉണ്ടായിരിക്കണം
- ➢ എല്ലാ പ്രവൃത്തി ഫയലുകളിലും ചെക്ക് ലിസ്റ്റ് ഉണ്ടായിരിക്കണം
- ➢ ആക്ഷൻ പ്ലാനില് നിന്നു ബന്ധപ്പെട്ട പ്രവൃത്തിയുടെ പേര് വരുന്ന പേജ് കോപ്പി എടുത്ത് ഫയലിൽ സൂക്ഷിക്കണം
- ➢ ഭരണാനുമതി,സാങ്കേതികനുമതി എന്നിവയുടെ കോപ്പികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തി ഫയലിൽ സൂക്ഷിക്കണം
- ➢ മസ്റ്റർ റോള് ഫയലില് സൂക്ഷിക്കണം തിരുത്തുകള് വരാതിരിക്കാന് വേണ്ട നടപടികൾ എടുക്കണം മസ്റ്റര് റോള് എഴുത്തുന്നതില് തെറ്റ് വരാതിരിക്കാന് മേറ്റുമാർക്ക് പരിശീലനം നല്കണം. മസ്റ്റർ റോള്കളിൽ മെഷർമെന്റ് പുസ്തകത്തിന്റെ നമ്പർ രേഖപ്പെടുത്തണം.
- ➢ വ്യക്തിഗത ഉപഭോക്താക്കളുള്ള പ്രവർത്തികളില് ഓരോ വ്യക്തികളുടെ സ്ഥലത്തും എത്രത്തോളം പ്രവർത്തി ചെയ്തു എന്ന് അളവ് പുസ്തകത്തില് കൃത്യമായി രേഖപ്പെടുത്തണം.
- ➢ ഓരോ മസ്റ്റർ റോളിനും വേജ് ലിസ്റ്റ് ഫയലില് സൂക്ഷിക്കണം
- ➢ ഓരോ വേജ് ലിസ്റ്റിനും ഫണ്ട് ട്രാൻസ്ഫർ ഓർഡർ(എഫ്.ടി.ഒ) ഫയലിൽ സൂക്ഷിക്കണം
- ➢ പ്രവൃത്തി പൂർത്തീകരിച്ചാല് പൂർത്തീകരണ സാക്ഷ്യ പത്രം ഫയലില് സൂക്ഷിക്കണം

- മൂന്ന ഘട്ടങ്ങളിലെ ഫോട്ടോഗ്രാഫുകളും ജിയോടാഗ്ഗ് ഫോട്ടോഗ്രാഫും ഫയലിൽ സൂക്ഷിക്കണം
- സൈറ്റ് ഡയറി നിർബന്ധമായും ഫയലില് ഉണ്ടായിരിക്കണം
- ആനുവൽ മാസ്റ്റര് പ്ലാനില് പറഞ്ഞിരിക്കുന്ന 22 രേഖകളും ഫയലില് സൂക്ഷിക്കണം.

## ഫീൽഡ് തല പരിശോധന

### ഫാം ബണ്ടിംഗ്:

തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കാവുന്ന പ്രവൃത്തികളില് വിഭാഗം എ: പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികളില് ഉൾപ്പെടുന്ന പ്രവർത്തിയാണ് ഫാം ബണ്ടിംഗ്. ജലസംരക്ഷണത്തിനും ജലക്കൊയ്ത്തിനും സഹായകരമായ നിർമ്മിതി എന്നാ നിലക്കാണ് ഫാം ബണ്ടിംഗ് പ്രവർത്തികള് നടത്തുന്നത്.

താഴെ പറയുന്ന ഫാം ബണ്ടിംഗ് പ്രവർത്തികളാണ് വാർഡ് ഒന്നില് നടന്നിട്ടുള്ളത്.

1. 1603002001/LD/314083 ഫാം ബന്ഡിംഗ് പാലമുക്ക് പ്രദേശം (റീ. 1)
2. 1603002001/LD/314087 ഫാം ബന്ഡിംഗ് അമ്പലവയല് പ്രദേശം (റീ. 1)
3. 1603002001/LD/314093 ഫാം ബന്ഡിംഗ് പന്നിച്ചാല് പ്രദേശം (റീ. 1)
4. 1603002001/LD/314095 ഫാം ബന്ഡിംഗ് പുറക്കാടി പ്രദേശം (റീ. 1)

വാർഡില് നടന്നിരിക്കുന്ന മേല് പറഞ്ഞ പ്രവർത്തികളില് ഒരേക്കറില് കുറവ് ഭൂമിയുള്ള വ്യക്തിഗത ഉപഭോക്താകളുടെ സ്ഥലത്ത് തോട്ടം കിള മാത്രമാണ് ചെയ്തിട്ടുള്ളത്. ജലക്കൊയ്ത്തിനു സഹായകരമാവുന്ന തരത്തില് മണ്ണ്ബണ്ടുകള് ഉണ്ടാക്കിയിരിക്കുന്നത് കുറവാണ്. മേൽ പറഞ്ഞ പ്രവൃത്തികളില് ഒന്നും തന്നെ സൈറ്റ് ബോർഡ് ഫീൽഡില് കാണാൻ സാധിച്ചിട്ടില്ല. സൈറ്റ് ബോർഡ് പ്രവർത്തിയുടെ തുടക്കത്തില് ഫീൽഡില് സ്ഥാപിക്കേണ്ടതാണെന്നിരിക്കെ, മെഷർമെന്റ് പുസ്തകത്തില് 2000 രൂപ സി ഐ ബി ഇനത്തിൽ ചെലവ് കാണിച്ചിട്ടും ഫീൽഡില് ഇത്ര കാലമായിട്ടും ബോർഡ് സ്ഥാപിച്ചിട്ടില്ല

1603002001/LD/314095 ഫാം ബണ്ടിംഗ് പുറക്കാടി പ്രദേശം

41 പേരുടെ ഉടമസ്ഥതയിലുള്ള പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിച്ചു. പ്രവൃത്തി സ്ഥലത്ത് കാണാൻ സാധിച്ചത് 445 .75 മീറ്റർ സ്ക്വയർ അളവിലുള്ള ബണ്ട് ആണ്. എം ബുക്ക് പ്രകാരമുള്ള അളവ് 10287 മീറ്റർ സ്ക്വയർ ആണ്. ബാക്കിയുള്ള 9841.25 മീറ്റർ സ്ക്വയറിൽ തോട്ടം കിളയും ബണ്ടിന് മീതെ ഈ വർഷം മൺകയ്യാല / തട്ട് തിരിക്കൽ എടുക്കുകയും മറ്റും ചെയ്തു. 15 പേരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് തോട്ടം കിള ചെയ്തത്.(ഗോപാലൻ, കേശവൻ, സരസ്വതി, സതീഷ് കുമാർ, രഹിയാനത്, രാജപ്പന്ദ്രജപ്പൻ, പാറുകുട്ടിയമ്മ, സുലൈഖ, അബ്ദുള്ള, മറിയം, ഫാത്തിമ, ഉസ്മാൻ, മൊയ്തു, ജമീല മൊയ്തു, കുഞ്ഞമ്മത്, മൊയ്തു ബാരിക്കൽ, നഫീസ, സൈനബ, മൊയ്തു ചിന, അലീമ).

7 പേരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ ഫാം ബണ്ടിന് മീതെ ഈ വർഷം മൺ കയ്യാല എടുത്തതായി കണ്ടു. (അമ്മദ് ആലിയസ്സൻ, അമ്മദ് അരീക്കാപുരത്, കബീർ, എൽസി, പൗലോസ് , ഫിലോമിന, മൂസ)

നൗഷാദ് ബാരിക്കലിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ ഫാം ബണ്ടിന് മീതെ ഈ വർഷം തട്ട് തിരിച്ചു. മറിയക്കുട്ടി പൗലോസിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ ബണ്ടിന് മീതെ വീട് എടുത്തതിനാൽ ബണ്ട് നശിച്ചു പോയിട്ടുണ്ട് .

1603002001/LD/314093 ഫാം ബന്ഡിംഗ് പന്നിച്ചാല് പ്രദേശം

അപേക്ഷിച്ച 42 ഉടമസ്ഥരുടെ പ്രവൃത്തി സ്ഥലം സന്ദർശിച്ചു. 15 പേരുടെ ഫാംബണ്ടിംഗ് ചെയ്ത തോട്ടങ്ങളിൽ ഈ വർഷത്തെ കൊള്ളിന്റെ പണി എടുത്തതായി കാണാൻ കഴിഞ്ഞു.(കൃഷ്ണൻക്കുട്ടി ചെറുമലയിൽ, അമ്മദ് കുറ്റിതൊട്ടുവിൽ, പൈലി പപ്പിപ്പാടൻ, ഇബ്രാഹിം കടവത്ത്, തിമർഷൻ പോക്കർ, KV കുഞ്ഞബ്ദുള്ള കടവത്ത്, ഷെരിഫ കടവത്ത്,സമദ് അരിക്കാപുറത്ത്, ഷൈനി പടിഞ്ഞാറ്റിൽ കണ്ടി, ബേബി കാവനവാലിൽ, നസീമ കുന്നുമ്മൽ, സാൽവി ഫാത്തിമ, കുഞ്ഞാമി ചുള്ളി, ചാക്കോആക്കന്തിരി, ആബിദ് കടവത്ത് )

സൈഫുനിസ അരിക്കാപുറത്ത്, അവറാൻ ഇബ്രായി, അവറാൻ അൻദ്ര എന്നിവരുടെ തോട്ടങ്ങളിൽ ഈ വർഷം തട്ട് തിരിച്ചു.

കുഞ്ഞാലി കപ്പച്ചേരി, ജോയി മലെക്കുടി എന്നിവരുടെ ഫാംബണ്ടിംഗ് ചെയ്ത തോട്ടങ്ങളിൽ ഇപ്പോൾ വീട്ടുപണി നടക്കുന്നതായി കണ്ടു. ആയതിനാൽ ഫാംബണ്ടിംഗ് കാണാൻ സാധച്ചില്ല.ജോണി മലെക്കുടിയുടെ സ്ഥലത്ത് വീടിന്റെ തറയുടെ പണിക്ക് എടുത്ത മണ്ണ് ബണ്ടിന്റെ മേലെയായതിനാൽ കാണാൻ സാധച്ചില്ല.

മൊയ്തു അരിക്കാപുറത്തിന്റെ സ്ഥലത്ത് ഇപ്പോൾ ഇഞ്ചി, വാഴ കൃഷി ചെയ്തതായി കണ്ടു. അൻട്ര അരിക്കാപുറത്, സലിം അരിക്കാപുറത് എന്നിവരുടെ മഹാഗണി തോട്ടമാണ്. തോട്ടം മുഴവൻ മഹാഗണിയുടെ വേരായതിനാൽ ഫാംബണ്ടിംഗ് ചെയ്യാൻ കഴിയാത്തതിനാൽ തോട്ടം കിളയാണ് ചെയ്തത്.

ബാക്കി പ്രവർത്തി ചെയ്ത എല്ലാ സ്ഥലങ്ങളും തന്നെ പൂർണമായും കാട് മൂടിയ നിലയിൽ ആയിരുന്നു. ഈ വർഷത്തെ പ്രളയത്തിൽ ഫാംബണ്ടിന്റെ ചില ഭാഗങ്ങൾ നശിച്ചു പോയിട്ടുണ്ട്.

163002001/LD/314083 ഫാം ബണ്ടിങ് പാലമുക്ക് പ്രദേശം

അപേക്ഷിച്ച 28 ഉടമസ്ഥരുടെ സ്ഥലത്താണ് പ്രവർത്തി നടന്നത്. ഇതിൽ 22 പേരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് തോട്ടം കിള ചെയ്തത്.(പൂഞ്ചർ അറ്റബി, അഞ്ഞ, അബദുള്ള, ആലി, സൽമത്ത്, ഉസ്മാൻ, റജില, സുധീർ, അഷ്റഫ്, അന്നമ്മ, മൊയ്തു, മുസ്തഫ, ഷരഫുധീൻ, ആമിന, വിജയകുമാർ, ആസ്യ, മുനീസ്, വൽസമ്മ, ലീല, സീത, ഇബ്രാഹിം) 6 പേരുടെ സ്ഥലത്ത് മാത്രമാണ് ബണ്ട് നിർമ്മിച്ചിരിക്കുന്നത്.

1603002001/LD/314087 ഫാം ബന്ഡിംഗ് അമ്പലവയല് പ്രദേശം (റീ. 1)

ഗുണഭോക്താക്കളുടെ സ്ഥലത്ത് പ്രവർത്തി ചെയ്തത് പരിശോധിച്ചു. പ്രവൃത്തി കഴിഞ്ഞ് ഒരു വർഷമായതിനാൽ മുഴവൻ കാട് പിടിച്ച് പ്രവേശനം തന്നെ അസാധ്യമായ നിലയിൽ ആയിരുന്നു.ഒരു എക്കറിനും അതിന് മുകളിലും താഴെയുള്ള തോട്ടങ്ങളിൽ ഫാം ബംടിങ്ങ് എടുത്തിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലെ എസ്റ്റിമേറ്റിൻ്റെ അടിസ്ഥാനത്തിലാണ് ഇവ തോട്ടങ്ങളിൽ തട്ട് തട്ടായി നിർമ്മിച്ചിരിക്കുന്നത്.

## ഭവന പദ്ധതി:

തൊഴിലുറപ്പ് പദ്ധതിയില് നടപ്പിലാക്കാവുന്ന പ്രവൃത്തികളില് വിഭാഗം-ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ(ഖണ്ഡിക 5 ല് പരമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം) എന്നാ വിഭാഗത്തിൽ പെടുന്നതാണ് ഭവന പദ്ധതികൾ. പ്രധാന മന്ത്രി ആവാസ് യോജന പ്രകാരമോ കേന്ദ്ര/സംസ്ഥാന സർക്കാരുകള് ആവിഷ്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികള് പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അ വിദഗ്ധ കായിക തൊഴില് ഘടകം ആണ് ഈ പദ്ധതി പ്രകാരം ലഭ്യമാകുന്നത്.

താഴെ പറയുന്ന ഭവന പദ്ധതി പ്രവർത്തികളാണ് വാർഡ് ആറില് നടന്നിട്ടുള്ളത്.

1. 1603002001/IF/359825 ലൈഫ് ഭവന നിര്മ്മാണം അനിത രവി
2. 1603002001/IF/359831 ലൈഫ് ഭവന നിര്മ്മാണം നൌഷിര്
3. 1603002001/IF/359834 ലൈഫ് ഭവന നിര്മ്മാണം കൃഷ്ണന്
4. 1603002001/IF/376292 ലൈഫ് ഭവന നിര്മ്മാണം ഷാനി
5. 1603002001/IF/377917 ലൈഫ് ഭവനം & കക്കൂസ് നിർമ്മാണം ലീല
6. 1603002001/IF/378551 ലൈഫ് ഭവനം & കക്കൂസ് ചന്ദ്രന്
7. 1603002001/IF/367669 ലൈഫ് ഭവനം നിര്മ്മാണം നെഫീസ

വീട് പണി സമയത്ത് നഷ്ടമാകുന്ന തൊഴിൽ ദിനങ്ങള് തൊഴിലാളിക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. 90 തൊഴിൽ ദിനങ്ങളാണ് ലഭ്യമാക്കുന്നത്. നാല് ഘട്ടങ്ങളായാണ് തൊഴിൽ ദിനങ്ങള് ലഭ്യമാക്കിയിട്ടുള്ളത്.

വർക്ക് കോഡ് 1603002001/IF/359825 ലൈഫ് ഭവന നിര്മ്മാണം അനിത രവി, 1603002001/IF/359834 ലൈഫ് ഭവന നിര്മ്മാണം കൃഷ്ണന് എന്നീ വീടിന്റെ പണികൾ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നു.

വർക്ക് കോഡ് IF/377917 ലൈഫ് ഭവനം & കക്കൂസ് നിർമ്മാണം ലീല, IF/376292 ലൈഫ് ഭവന നിര്മ്മാണം ഷാനി, IF/378551 ലൈഫ് ഭവനം & കക്കൂസ് ചന്ദ്രന് എന്നീ ലൈഫ് ഭവന പദ്ധതി ഫയലുകളിൽ 90 തൊഴിൽ ദിനങ്ങള് വീടിന്റെയും 6 തൊഴില് ദിനങ്ങൾ കക്കൂസിന്റെയും ലഭിച്ചിട്ടുണ്ട്.

## റോഡ് കോൺ ക്രീറ്റ് മീറ്റര്

1. 1603002001/RC/272654 കടന്നലാട്ട് കുന്ന് ഇബ്രാഹിം തെക്കേതില് ഭാഗം റോഡ് കോണ്‍ക്രീററ്

എം ബുകിലെ അളവ് പ്രകാരം ഉള്ള റോഡു പണി പൂർത്തിയാക്കിയിട്ടുണ്ട്. നീളം 100.8 മീറ്റർ വീതി 3.025 മീറ്റർ. സിറ്റിസൺ ഇൻഫർമേഷന് ബോർഡ് സ്ഥാപിച്ചിട്ടുണ്ട്

2. 1603002001/RC/273145 പന്നിച്ചാല് കോപുഴ അമ്പലവയല് റോഡ് കോണ്‍ക്രീറ്റ്

എം ബുകിലെ  അളവ് പ്രകാരം ഉള്ള റോഡു പണി പൂർത്തിയാക്കിയിട്ടുണ്ട്. സിറ്റിസൺ ഇൻഫർമേഷന് ബോർഡ് സ്ഥാപിച്ചിട്ടുണ്ട്

## കുളം നിർമ്മാണം

1. 1603002001/WC/315258 കുളം നിര്‍മ്മാണം & കയര് ഭുവസ്ത്രം റോസമ്മ പൂണോലി.

മെഷർമെന്റ് ബുക്ക് പ്രകാരം ഉള്ള കൃത്യമായ അളവ് കുളത്തിന് ഉണ്ട്. നീളം 10 മീറ്റർ വീതി 8മീറ്റർ. കുളം ഇപ്പോഴും ഉപയോഗപ്രദമായ രീതിയിൽ തുടരുന്നു. മുഴുവൻ തൊഴിൽ ദിനങ്ങളുടെയും വേതനം ലഭിച്ചു.

സിറ്റിസൺ ഇൻഫർമേഷന് ബോർഡ് സ്ഥാപിച്ചിട്ടില്ല.

## കിണർ നിര്‍മ്മാണം

1. 1603002001/IF/383669 കിണർ നിർമാണം സെയിദ്ദ
2. 1603002001/IF/383661 കിണർ നിർമാണം സുബൈദ

കിണറിന്റെ പണി പൂർത്തിയായതായി കാണാൻ കഴിഞ്ഞു. കിണർ ഉപയോഗപ്രദമാണ്. തൊഴിലുറപ്പ് പണിയുടെ മുഴുവൻ വേതനവും കിട്ടിയതായി അറിയാൻ കഴിഞ്ഞു. ഡിസ്പ്ലേ ബോർഡ് ഫീൽഡിൽ സ്ഥാപിച്ചിട്ടുണ്ട്.

## നിർദേശങ്ങള്

- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിലുകളാണ് തൊഴിലാളികൾ പ്രവൃത്തി സ്ഥലത്തു ചെയ്യുന്നത് എന്നു ഉറപ്പ് വരുത്തണം.
- പ്രവൃത്തി ചെയ്യുന്ന സമയത്ത് നിർദേശങ്ങള് നല്കാന് സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച ആളുടെ സന്ദർശനം നിർബന്ധമാകണം.
- പ്രവൃത്തി ചെയ്ത സ്ഥലത്തെ അളവുകൾ രേഖപ്പെടുത്തിയതിന് ശേഷം മാത്രം എം.ബുക്ക് എഴുതുക.
- അതാത് പ്രവൃത്തികൾ ചെയ്യേണ്ട സമയങ്ങളില് മാത്രം ചെയ്യുന്നതിനായി പ്ലാന് തയ്യാറാകുക
- കർഷകരുടെ ഭൂമിയില് ചെയ്യുന്ന പ്രകൃതി വിഭവ പരിപാലന പ്രവൃത്തികള് ശാസ്ത്രീയമായി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- സൈറ്റ് ഡയറികളിൽ സന്ദർശന വിവരങ്ങള് സാങ്കേതിക വിദഗ്ധര് നിർബന്ധമായും രേഖപ്പെടുത്തണം.
- സിറ്റിസാൻ ഇൻഫർമേഷന് ബോർഡ് പ്രവർത്തി തുടങ്ങുന്ന സമയത്ത് കൃത്യമായി ഫീൽഡില് സ്ഥാപിക്കണം.
- പദ്ധതി ആസൂത്രണത്തിൽ തൊഴിലാളികളെ പങ്കാളികലാക്കുകയും ഓരോ പ്രദേശത്തിന് ചേർന്ന തൊഴിലുകള് തൊഴിലാളികളുടെ നിർദേശ പ്രകാരം ഉൾപ്പെടുത്തുകയും വേണം.
- വ്യക്തിഗത ഉപഭോക്താക്കളുടെ താല്പര്യ പ്രകാരമല്ല മറിച്ച് പദ്ധതി ആസൂത്രണ പ്രകാരമാണ് പ്രവർത്തികള് ചെയ്യുന്നത് എന്നു ഉറപ്പു വരുത്തണം.
- ഓഫീസിൽ മസ്റ്റര് റോളുകളും സൈറ്റ് ഡയറിയും സ്വീകരിക്കുമ്പോള് എല്ലാ കാര്യങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട് എന്നു പരിശോധിക്കേണ്ടതാണ്.

# 7 രജിസ്റ്ററുകള്

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റര്
2. ഗ്രാമസഭ  രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴില് കൊടുത്തതും സംബന്ധിച്ച രജിസ്റ്റര്
4. പ്രവൃത്തിയുടെ ലിസ്റ്റും,ചെലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. സാധന രജിസ്റ്റർ

പഞ്ചായത്തിലെ 7 രജിസ്റ്ററുകള് പരിശോധിച്ചതില് നിന്നു കണ്ടെത്തിയ കാര്യങ്ങള്

1. **തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റര്**

- കവർപേജ്  ഉണ്ടായിരുന്നു
- സെക്യൂറിൽ നിന്നു പ്രിന്റ് എടുത്ത് സൂക്ഷിച്ചിരിക്കുന്നു.
- കൃത്യമായി പരിപാലിച്ചിട്ടുണ്ട്

2. **ഗ്രാമ സഭ രജിസ്റ്റർ**

ഗ്രാമസഭ രജിസ്റ്ററിൽ 2018-19 വർഷത്തില് രണ്ട് ഗ്രാമസഭകൾ നടത്തിയിട്ടുണ്ട്.

- 2/11/18 നു MNREGA ആക്ഷൻപ്ലാന് ലേബര്  അങ്ങികരിക്കൽ

  116 പേർ പങ്കെടുത്തു

  മിനുറ്റ്സ്  ക്ലോസ് ചെയ്തിട്ടില്ല.

- 15/02/2019 നു ദേശിയ തൊഴിലുറപ്പ്  പദ്ധതിയുടെ സപ്ലിമെന്ററി ആക്ഷൻപ്ലാന് അങ്ങികരിക്കൽ

  122 പേർ പങ്കെടുത്തു

  മിനുറ്റ്സ്  ക്ലോസ് ചെയ്തിട്ടില്ല.

3. **തൊഴിൽ ആവശ്യപ്പെട്ടതും തൊഴില് കൊടുത്തതും സംബന്ധിച്ചുള്ള രജിസ്റ്റര്**

സെക്യൂർ  നിന്നുള്ള കോപ്പി സൂക്ഷിച്ചിട്ടുണ്ട്

കവർപേജ് ഉണ്ടായിരുന്നു

4. **പ്രവൃത്തിയുടെ ലിസ്റ്റും ചെലവും വിശദാംശങ്ങളും സംബന്ധിച്ചുള്ള രജിസ്റ്റര്**

പാർട്ട് എ പ്രവർത്തി രജിസ്റ്റര് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. പാർട്ട് ബി പ്രവർത്തി തിരിച്ച് കൺസോളിഡേറ്റ് ചെയത് സൂക്ഷിച്ചിട്ടില്ല.

5. **സ്ഥിര ആസ്തികളുടെ രജിസ്റ്റർ**

- ആസ്തി രജിസ്റ്ററിൽ 9/6/2018 ന ശേഷം ഒരു ആസ്തിയുടെയും വിവരങ്ങള് രേഖപ്പെടുത്തിയിട്ടില്ല.

6. **പരാതി രജിസ്റ്റർ**

- 1/8/2016 ന ശേഷം ഒരു പരാതിയും രേഖപ്പെടുത്തിയിട്ടില്ല

7. **സാധനരജിസ്റ്റർ**

- കവർപേജ് ഉണ്ടായിരുന്നു
- 2018-19 വർഷത്തെ ലിസ്റ്റ് ഉണ്ടായിരുന്നു
- സെക്യൂർ കോപ്പിയാണ് ഫയലില് സൂക്ഷിച്ചിട്ടുള്ളത്.

**തൊഴിലിനുള്ള അപേക്ഷ**

തൊഴിലാളികൾ ആരും തന്നെ അവരവർക്ക് തൊഴില് ആവശ്യമുള്ള സമയത്ത് തൊഴിലിന് അപേക്ഷിക്കുന്നില്ല.എസ്റ്റിമേറ്റ് വരെ റെഡിആയതിനു ശേഷം തൊഴിലിന് അപേക്ഷിക്കുന്നതിനാൽ അപേക്ഷിച്ച് ദിവസത്തിനകം തൊഴില് ലഭിക്കുന്നതായാണ് കാണാൻ സാധിച്ചത്.ആയതിനാൽ ഇത് വരെ തൊഴിലില്ലായ്മ വേതനം ലഭിക്കേണ്ട ആവശ്യം വന്നിട്ടില്ല

**മസ്റ്റർ റോളുകള്**

പ്രവൃത്തി സ്ഥലത്തു മസ്റ്റർ റോള് എത്തിച്ചു നല്കേണ്ടത് അതതു ഓവർസിയര് മാര് ആണെന്നുള്ളത് 66791/dd2/14/LSGD തിയ്യതി 6/2/2015 ന പുറത്തിറക്കിയ സർക്കാര് ഉത്തരവ് പ്രകാരം പറയുന്നുണ്ടെങ്കിലും മേറ്റ് മാർ ത്തന്നെയാണ് മസ്റ്റര് റോള് പഞ്ചായത്തുകളിൽ എത്തിക്കുന്നത്.

## ഗ്രാമസഭയുടെ അംഗീകാരം

22/10/2019 ന് വാർഡ് 6 എടവക ഗ്രാമ പഞ്ചായത്തില്  നടന്ന സോഷ്യല് ഓഡിറ്റ് ഗ്രാമസഭയില് സ്വാഗത പ്രസംഗം വാർഡ് മെമ്പർ ശ്രീ നജ്മുദ്ദീൻ നിർവഹിച്ചു. തൊഴിലാളികളിൽ നിന്ന് 100 ദിവസം തൊഴിൽ പൂർത്തിയാക്കിയ  റോസമ്മ പൂണോലിയെ യോഗത്തിന്റെ അധ്യക്ഷയായി തെരഞ്ഞെടുത്തു .തുടർന്ന് സോഷ്യൽ ഓഡിറ്റ് ബ്ലോക്ക് റിസോഴ്സ് പേഴ്സൺ രജനി സോഷ്യൽ ഓഡിറ്റ്നെക്കുറിച്ചും സോഷ്യൽ ഓഡിറ്റ് ലക്ഷ്യങ്ങളെ കുറിച്ചും ആമുഖ പ്രസംഗത്തിൽ വിശദീകരിച്ചു. പിന്നീട് VRP മാരായ സജിലാഷ്, ശരത്, ഗോപിക, ശ്രുതി എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു.

പങ്കെടുത്തവർ: സോഷ്യൽ ഓഡിറ്റ് ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ,സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാർ , എൻ ആർ ഇ ജി എ ഓഫീസർ ഷിനോജ്,ജോസ്, വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ.

15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അവകാശത്തെക്കുറിച്ച് ചർച്ചകൾ നടന്നപ്പോൾ തൊഴിൽകാർഡ് എല്ലാവർക്കും ലഭിച്ചതായി തൊഴിലാളികൾ അറിയിച്ചു. എന്നാൽ തൊഴിൽ കാർഡിനുള്ള ഫോട്ടോ തൊഴിലാളികൾ തന്നെ എടുത്തു നൽകുന്നതായി തൊഴിലാളികൾ അറിയിച്ചതിനെ തുടർന്ന് ഇത് സൗജന്യമായി എടുത്തു നൽകണമെന്ന നിർദേശം റിസോൾസ് പേൾസൺ മുന്നോട്ട് വച്ചു.

തൊഴിലിനുള്ള അപേക്ഷ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ നൽകി അതിൻറെ രസീത് വാങ്ങാറുണ്ടോ എന്ന് റിസോഴ്സ് പേഴ്സൺ രജനി ചോദിച്ചു. തൊഴിലുറപ്പ് ഓഫീസിലാണ് അപേക്ഷ നൽകാറെന്ന് മേറ്റ്മാർ  പറഞ്ഞു. തുടർന്ന് ഇനി മുതൽ ഉള്ള അപേക്ഷ ഫ്രണ്ട് ഓഫീസിൽ നൽകുവാനും നിർദ്ദേശം വച്ചു.  മാസങ്ങളായി വേതനം കിട്ടിയിട്ട് എന്ന് തൊഴിലാളികൾ പറഞ്ഞു. എന്നാൽ പരാധി നൽകാറോ ഡിമാന്റ് ചെയ്യാറോ ഇല്ലെന്ന് തൊഴിലാളികൾ പറഞ്ഞു. നിശ്ചിത ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിലും കൂലി ലഭിച്ചില്ലെങ്കിലും രേഖാമൂലം പരാതി പഞ്ചായത്തിൽ എഴുതി നൽകാനും തൊഴിൽ ആവശ്യമുള്ളപ്പോൾ വ്യക്തിഗതമായോ കൂട്ടമായോ ഡിമാൻറ് ചെയ്യാനും ഗ്രാമസഭയിൽ നിർദേശിച്ചു.

തൊഴിലാളികൾ അയൽക്കൂട്ടം വഴി കർഷകരെയും നാട്ടുകാരെയും ഉൾപ്പെടുത്തി പദ്ധതി ആസൂത്രണം ചെയ്യാനും കൂടാതെ കാർഷിക കലണ്ടർ ഉണ്ടാക്കാനും ഗ്രാമസഭയിൽ നിർദ്ദേശം വച്ചു.

തുടർന്ന് കുടിവെള്ളം ,പ്രാഥമിക ശുശ്രൂഷ കിറ്റ്, തണൽ എന്നിവ തൊഴിലിടത്തിൽ ലഭിക്കുന്നുണ്ടോ എന്ന് റിസോഴ്സ് പേഴ്സൺ ആരാഞ്ഞു; എന്നാൽ തങ്ങൾക്ക് കുടിവെള്ളമൊഴികെയുള്ള ഇത്തരം സൗകര്യങ്ങൾ ലഭിക്കുന്നില്ലെന്ന് തൊഴിലാളികൾ

എല്ലാവരും പറഞ്ഞു. ഫസ്റ്റ് എയ്ഡ് ബോക്സ് നിർബന്ധമായും തൊഴിലിടത്ത് ഉണ്ടാകണമെന്ന് നിർദ്ദേശിച്ചു.

പണിസ്ഥലത്ത് അപകടങ്ങൾ ഉണ്ടായാൽ ഉടൻ തന്നെ അവരെ ആശുപത്രിയിൽ എത്തിക്കണം. ഇക്കാര്യം സൈറ്റിൽ ഡയറിയിൽ രേഖപ്പെടുത്തണം ; തുടർന്ന് അവരുടെ ചികിത്സാചെലവുകൾ സംബന്ധിച്ച ബില്ലുകൾ ഉൾപ്പെടുത്തി മേറ്റും സ്ഥലത്ത് ഉണ്ടായിരുന്ന മറ്റ് തൊഴിലാളികളും സാക്ഷ്യപ്പെടുത്തി പഞ്ചായത്തിൽ രേഖാമൂലം അപേക്ഷ നൽകണമെന്ന് ബ്ലോക്ക് റിസോഴ്സ് പേഴ്സൺ നിർദ്ദേശം നൽകി.

ഫയലിൽ സൂക്ഷിക്കേണ്ട പല രേഖകളും ഫയൽ പരിശോധനയിൽ ഫയലിൽ കാണാൻ കഴിഞ്ഞില്ല. ഇത് കൃത്യമായി ഫയലിൽ സൂക്ഷിക്കേണ്ടതാണെന്ന് റിസോൾസ് പേഴ്സൺ നിർദേശിച്ചു. എൻ ആര് ഇ ജി ഏ ഉദ്യോഗസ്ഥർ ഇക്കാര്യം അംഗീകരിച്ചു.

തുടർന്ന് പ്രവൃത്തിസ്ഥലപരിശോധനയുമായി ബന്ധപ്പെട്ട് ഉണ്ടായ കണ്ടെത്തലുകൾ VRP ശ്രുതി അവതരിപ്പിച്ചു. സി.ഐ.ബി. പല പ്രവർത്തി സ്ഥലങ്ങളിലും കാണാൻ കഴിഞ്ഞില്ല; ആയതിനാൽ കൃത്യമായി സി ഐ ബി പ്രവർത്തി സ്ഥലത്ത് സ്ഥാപിക്കണം എന്ന് നിർദേശിച്ചു.

അധ്യക്ഷൻ ചർച്ചക്ക് വിളിച്ചതിനെ തുടർന്ന് കർഷകരും വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗവും തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകർക്ക് പ്രാധാന്യം നൽകണമെന്നും കാലാവസ്ഥയ്ക്ക് അനുസരിച്ചുള്ള പണി ചെയ്യണമെന്നുമുള്ള കാര്യം ഉന്നയിച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ തോട്ടം പരണ്ടൽ പ്രവർത്തി ഉൾപ്പെടുത്തണം നിന്നുള്ള നിർദ്ദേശം കർഷകരുടെ ഭാഗത്തുനിന്നുണ്ടായി.

സ്ഥല ഉടമസ്ഥർ അവരുടെ തോട്ടങ്ങളിൽ തൊഴിലുറപ്പ് പണിയെടുക്കാനുള്ള അപേക്ഷ നൽകുന്നതിനായി അഞ്ചു രൂപയുടെ ഫോം വാങ്ങേണ്ടി വരുന്നുണ്ടെന്ന മേറ്റ് അറിയിച്ചതിനെ തുടർന്ന് ഇത് കർഷകരുടെ കൈയിൽ നിന്ന് ഈടാക്കേണ്ടതില്ലെന്നും സൗജന്യമായി നൽകണമെന്നും ബിആർപി നിർദ്ദേശിച്ചു.

**തീരുമാനങ്ങളും,നിർദേശങ്ങളും**

- തൊഴിൽ കാർഡ് എടുക്കുന്ന മുഴുവൻ പേർക്കും ഫോട്ടോ സഹിതം സൗജന്യമായി ലഭ്യമാക്കുക.
- തൊഴിലിനുള്ള അപേക്ഷ ഫ്രണ്ട് ഓഫീസിൽ നൽകണം ;അതിന്റെ കൈപ്പറ്റ് രസീത് നൽകണം. പരാധികൾ രേഖാമൂലം എഴുതി നൽകുക.
- ഫയലിൽ ഉണ്ടാകേണ്ട രേഖകളെല്ലാം കൃത്യമായി ഫയലിൽ തന്നെ സൂക്ഷിക്കുക.
- സി.ഐ.ബി.എല്ലാ തൊഴിലിടങ്ങളിലും സ്ഥാപിക്കുക
- തൊഴിലിടത്ത് ആവശ്യമായ സൗകര്യങ്ങൾ ചെയ്തു നൽകുക (തണൽ, ഫസ്റ്റ് എയ്ഡ് ബോക്സ് )
- തൊഴിലാളികൾ അയൽക്കൂട്ടം വഴി കർഷകരെയും നാട്ടുകാരെയും ഉൾപ്പെടുത്തി പദ്ധതി ആസൂത്രണം ചെയ്യുക.
- കർഷകർ തങ്ങളുടെ തോട്ടത്തിൽ തൊഴിലുറപ്പ് പണിയെടുക്കണം എന്ന് ആവശ്യപ്പെടുന്ന അപേക്ഷ സൗജന്യമായി നൽകുക.
- കഷീരകർഷകർക്ക് ഗുണപ്രദം ആകുന്ന പദ്ധതികൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ പ്രാധാന്യം നൽകണം
- ഓരോ കാലാവസ്ഥക്കും അനുയോജ്യമായ രീതിയിലുള്ള പണികൾ അതാത് സമയങ്ങളിൽ ചെയ്താൽ കർഷകർക്ക് അത് ഉപകാരപ്രദമാകും.
- തോട്ടം പരണ്ടൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക.

പഞ്ചായത്തിലെ എം എൻ ആർ ഇ ജി എ ഉദ്യോഗസ്ഥൻ ഷിനോജ് നന്ദി അറിയിച്ചു. 57 പേർ യോഗത്തിൽ പങ്കെടുത്തു. ഉച്ചയ്ക്ക് 2 30 ന് തുടങ്ങിയ യോഗം വൈകുന്നേരം 5 .05 ന് അധ്യക്ഷയുടെ അനുവാദത്തോടെ അവസാനിപ്പിച്ചു.